കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.4/2860/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി.18-01-2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന
തിരുരങ്ങാടി ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : തിരുരങ്ങാടി ബ്ലോക്ക്പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുരങ്ങാടി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ/പെർഫോർമൻസ് ഓഡിറ്റ്) മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എം.എ.1/19

നം.കെ.എസ്.എ.എം.പി.എം.4/2860/2018 തിയ്യതി:18-01-2019

## മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.10.2017 മുതൽ 26.11.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീമതി.സുധ ദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :27.11.2018 മുതൽ 01.12.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ദിനേശൻ.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ. പി.അബ്ദു നാസർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സെൽമത്ത്.ടി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.പി.പി.മുഹമ്മദ് സിയാദ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ബിജേഷ്.എ.എസ് | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. കെ. അബ്ദുൾകലാംമാസ്റ്റർ | 01.04.2017 മുതൽ 31.03.18വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. പി. ബൈജു | 01.04.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. പി. ബൈജു | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.കൃഷ്ണൻകുട്ടി. പി | 01.04.2017 മുതൽ 31.10.2017 വരെ |
| | ശ്രീ. ചന്ദ്രൻ | 01.11.2017 മുതൽ 07.11.2017 വരെ |
| | ശ്രീമതി ബിന്ദു ജാസ്മിൻ | 08.11.2017 മുതൽ 03.12.2017 വരെ |
| | ശ്രീ. ഉണ്ണികൃഷ്ണൻ. സി | 04.12.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ചക്രാധർ. ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. ജിപിൻ. ജി. പി | 01.04.2017 മുതൽ 06.05.2017വരെ |
| | ശ്രീ. ധർമൻ എം. വി | 07.05.2017 മുതൽ 24.06.2017വരെ |
| | ശ്രീ. അയ്യൂബ് ടി | 25.06.2017 മുതൽ 17.07.2017 വരെ |
| | ശ്രീമതി. പ്രീതി കെ. ആർ | 18.07.2017 മുതൽ 26.08.2017 വരെ |
| | ശ്രീ. അബ്ദുൾ മഹ്റൂഫ് | 27.08.2017 മുതൽ 31.08.2017 വരെ |
| | ശ്രീമതി.രാധിക പി. എം | 01.09.2017 മുതൽ 31.03.2018 വരെ |
| സി.ഡി.പി.ഒ | ശ്രീമതി. സ്മിത കെ. എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി അസി. ഡയറക്ടർ | ശ്രീമതി. ആയിഷ ബീബി. പി. എസ് | 01.04.2017 മുതൽ 07.05.2017 വരെ<br>10.06.2017 മുതൽ 11.06.2017 വരെ |
| | ശ്രീ. രത്നാകരൻ എ. കെ | 08.05.2017 മുതൽ 09.06.2017വരെ<br>15.01.2018 മുതൽ 23.01.2018 വരെ |
| | ശ്രീമതി. ലളിതാദേവി. പി. ടി | 12.06.2017 മുതൽ 14.01.2018 വരെ<br>24.01.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. സൗമ്യ പി. പി | 01.04.2017 മുതൽ 27.07.2017 വരെ |
| | ഡോ. ദിവ്യ ഉണ്ണികൃഷ്ണൻ | 28.07.2017 മുതൽ 17.08.2017 വരെ |
| | ഡോ. സുബൈർ | 18.08.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | കെട്ടിട വാടക - അപാകതകൾ | 2-1 |
| 14 | കൊയ്ത്തുമെതിയന്ത്രം - വാടക, നടത്തിപ്പ് സംബന്ധിച്ച അപാകതകൾ | 2-2 |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 15 | പെരുവള്ളൂർ സി.എച്ച്.സി.യിൽ മുലയൂട്ടൽ കേന്ദ്രം നിർമ്മാണം - കരാറുകാരന് പാർട്ട് ബിൽ അധികം നൽകി | 3-1 |
| 16 | ചെരിച്ചി ലക്ഷംവീട് കോളനി- തിരുത്തി കുടിവെള്ളപദ്ധതി- അപാകതകൾ | 3-2 |
| 17 | ബ്ലോക്ക് ഓഫീസ് കെട്ടിട നിർമ്മാണം- മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചത് ക്രമ വിരുദ്ധം | 3-3 |
| 18 | ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് | 3-4 |
| 19 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 3-5 |
| 20 | സി ഡി പി ഒ നിർവഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3-6 |
| 21 | SC വിദ്യാർത്ഥികൾക്ക് പഠന മുറി- വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 3-7 |
| 22 | പട്ടികജാതിവികസന ഓഫീസർ നിർവ്വഹിച്ച പ്രൊജക്ടുകളിലെ ന്യൂനതകൾ | 3-8 |
| 23 | പാലിന് സബ്സിഡി - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതും മറ്റ് അപാകതകളും | 3-9 |

| | | |
|---|---|---|
| 24 | മുൻകൂർ നൽകിയത് - ക്രമീകരണ വിവരം ലഭ്യമല്ല | 3-10 |
| 25 | തൊഴിൽ പരിശീലനം - നിർവ്വഹണത്തിലെ അപാകതകൾ | 3-11 |
| 26 | ഡയാലിസിസ് സെന്ററിന് ധനസഹായം - സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക നൽകി | 3-12 |
| 27 | പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം - ധന വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ് | 3-13 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | 3-14 |
| ഭാഗം IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ /തീയ്യതി | (പുതുക്കിയത്) തീരുമാന നമ്പർ / തീയ്യതി |
|---|---|
| 23.03.2017 ലെ തീരുമാന നം. I(1) | 27.03.2018- ലെ തീരുമാന നം. I(1) |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (ഇ-സബ്മിഷൻ) | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 02-06-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2017-18 | 22.06.2018 മുതൽ 23.06.2018 വരെ | കെ.എസ്.എ.എം.പി.എം.4/1376/2018 തിയതി. 12.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20942820 |
| വരവ് | 68232530 |
| ആകെ | 89175350 |
| ചെലവ് | 77232892 |
| നീക്കിയിരുപ്പ് | 11942458 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | 0 | 46277037 | 46277037 | 37838905 | 8438132 | 81.76 % |
| വികസനഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 0 | 12042000 | 12042000 | 6537250 | 5504750 | 54.28% |
| സംരക്ഷണ ഗ്രാന്റ് - നോൺറോഡ് (ACR പ്രകാരം) | 0 | 5901000 | 5901000 | 5355045 | 545955 | 90.75% |
| ഐ.എ.വൈ (ജനറൽ) | 0 | 6486691 | 6486691 | 0 | 6486691 | 0% |
| ഐ.എ.വൈ (എസ്.സി.പി) | 0 | 1420000 | 1420000 | 0 | 1420000 | 0% |
| എൻ. ആർ. ഇ. ജി.എസ്. (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 18834 | 289758 | 308592 | 255701 | 52891 | 88.25% |
| Total Sanitation Campaign (TSC) | 757590 | 51051 | 808641 | 13250 | 795391 | 1.60% |
| Literacy scheme | 17420 | 85000 | 102420 | 0 | 102420 | 0 |
| ട്രഷറി ടി.എസ്.ബി (ജോയന്റ് വെഞ്ചർ) | 80000 | 5336250 | 5416250 | 5269635 | 146615 | 98.75% |
| തനത് ഫണ്ട് | 1524678 | 744505 | 2269183 | 522747 | 1746436 | 23.04% |
| സ്പെഷ്യൽ ടി.എസ്.ബി | 3254129 | 3582000 | 6836129 | 6031833 | 804296 | 88.24% |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 100 | 73 | 0 | 27 | 73 % |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 33 | 31 | 45917208 | 24766145 | 53.93% |
| അസി. എക്സി. എൻജിനിയർ | 53 | 30 | 40815787 | 16475325 | 40.36% |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 03 | 03 | 701000 | 688200 | 98.17% |
| സി.ഡി.പി.ഒ | 03 | 02 | 2632115 | 1152000 | 43.77% |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01 | 01 | 750000 | 500000 | 66.67% |
| കൃഷി അസി. ഡയറക്ടർ | 03 | 03 | 14490000 | 2557030 | 17.65% |
| പട്ടികജാതി വികസന ഓഫീസർ | 04 | 03 | 8036921 | 3592500 | 44.70% |
| ആകെ | 100 | 73 | 113343031 | 49731200 | 43.88% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18834 | 289758 | 308592 | 255701 | 52891 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | - | - | - | - |

കുറിപ്പ് : മേൽ പറഞ്ഞ തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. എൻ ആർ ഇ ജി എസ്. സെക്ഷനിൽ നിന്ന് ലഭ്യമാക്കിയ കണക്കുകളാണ്.

## 1-8 ക്ഷേമപദ്ധതികൾ.

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ബാലൻസ് തുക ഒന്നും തന്നെ അവശേഷിക്കുന്നില്ല

## 1-10 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളിൽ കണ്ടെത്തിയ പോരായ്മകൾ താഴെ പറയുന്നു.

1 ക്ഷീര വികസന ഓഫീസർ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ ന്യൂനതകൾ

എ) പ്രൊജക്ട് രജിസ്റ്റർ നിശ്ചിത മാതൃകയിലല്ല സൂക്ഷിക്കുന്നത്.

ബി) ഓഫീസിന്റെ TR 7A കാഷ് ബുക്കിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തുന്നില്ല. പ്രസ്തുത വിവരം പ്രത്യേക കാഷ് ബുക്കിൽ എഴുതുകയാണ് ചെയ്യുന്നത്. ഒരു ഓഫീസിലെ എല്ലാ ഇനത്തിലുള്ള വരവുകളുടെ വിവരവും ഒറ്റ കാഷ്ബുക്കിൽ എഴുതേണ്ടതാണെന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ് ഈ നടപടി.

2.എസ്.സി.ഡി.ഒ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ ന്യൂനതകൾ

എ) പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിന് 2016-17 ൽ ആരംഭിച്ച് 2017-18ൽ പ്രൊജക്ട് നമ്പർ 98/18 പ്രകാരം സ്പിൽ ഓവർ ആയി തുടർന്ന പ്രൊജക്ടുകൾ പ്രകാരം ആകെ 32 വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കുന്നതിന് ആകെ 32 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ബെനിഫിഷറി

രജിസ്റ്ററിൽ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിതിന്റെ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

ബി) പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

സി) ഓഫീസിന്റെ TR 7A കാഷ് ബുക്കിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തുന്നില്ല. പ്രസ്തുത വിവരം പ്രത്യേക കാഷ് ബുക്കിൽ എഴുതുകയാണ് ചെയ്യുന്നത്. ഒരു ഓഫീസിലെ എല്ലാ ഇനത്തിലുള്ള വരവുകളുടെ വിവരവും ഒറ്റ കാഷ്ബുക്കിൽ എഴുതേണ്ടതാണെന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ് ഈ നടപടി.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.09.2018 മുതൽ 04.10.2018 വരെ | 01.07.2017 മുതൽ 31.08.2018 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.03.2015 മുതൽ 19.03.2015 വരെ, 23.04.2015 മുതൽ 25.04.2015 വരെ | 2009-10 മുതൽ 2013-2014 വരെ | 16.06.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. SC Development Office, Diary Extension officer എന്നിവർ TR7A കാഷ് ബുക്കിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വരവുകൾ രേഖപ്പെടുത്തുന്നില്ല. Assistant Director of Agriculture, MO(PHC), Assistant Exective Engineer, C.D.P.O. എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡിയറി കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.
3. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 71508140000012, തനത് ഫണ്ട് അക്കൗണ്ട് നമ്പർ 67037513650 എന്നീ അക്കൗണ്ടുകൾ എല്ലാ മാസങ്ങളിലും റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.
4. 002005000089 നമ്പർ അക്കൗണ്ടിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം കമ്പയിൻഡ് ഹാർവെസ്റ്റർ വാടകയിനത്തിൽ 108935.00 രൂപ വരവുണ്ട്. എന്നാൽ വാർഷിക കണക്കിൽ ഹാർവെസ്റ്റർ വാടക ഹെഡ് ആയ 150410103 ൽ 75435.00 രൂപ മാത്രമേ വരവ് കാണിച്ചിട്ടുള്ളൂ. (ഷെഡ്യൂൾ ആർ.പി.5). അവശേഷിക്കുന്ന 33500.00 രൂപ മറ്റ് ഉപകരണങ്ങളുടേയും മെഷ്യനറികളുടേയും വാടക രേഖപ്പെടുത്തുന്ന 150410199 ഹെഡിൽ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.
5. സ്റ്റോർ & സ്റ്റോക്കിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട വാടക:അപാകതകൾ

1. ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടത്തിൽ വാടകയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാടകയോടൊപ്പം, 01.07.17 മുതൽ പ്രാബല്യത്തിലുള്ള ജി.എസ്.ടി നിരക്ക് (18%) ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം. | റൂം നം. | പ്രതിമാസ വാടക നിരക്ക് | ജി.എസ്.ടി ഈടാക്കാത്ത കാലഘട്ടം | ഈടാക്കാനുള്ള ജി.എസ്.ടി തുക |
|---|---|---|---|---|
| 1 | 21/706 | 6670 | 07/17 മുതൽ 08/17 വരെ | 2401 |
| 2 | 21/708 | 6000 (07/17 വരെ)6300(08/17മുതൽ) | 07/17 മുതൽ 10/17 വരെ | 4482 |
| 3 | 21/712(a) | 13250 | 07/17 മുതൽ 09/17 വരെ | 7155 |

| | | | | |
|---|---|---|---|---|
| 4 | 21/711(a) | 5000 | 07/17 മുതൽ 09/17 വരെ | 2700 |
| 5 | 21/711 | 5000 | 07/17 മുതൽ 09/17 വരെ | 2700 |
| | | | ആകെ | 19,438 |

വാടകയോടൊപ്പം ജി.എസ്.ടി കൂടി ഈടാക്കാത്തതിനാൽ മേൽ പട്ടികയിൽ സൂചിപ്പിച്ച പോലെ കുടിശ്ശിക വന്നിട്ടുണ്ട്. ടി തുക കൂടി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വന്തം കെട്ടിടങ്ങൾ/റൂമുകൾ വാടകക്ക് കൊടുക്കുമ്പോൾ അതുമായി ബന്ധപ്പെട്ടനിബന്ധനകളും, നിരക്കുകളും ഉൾപ്പെടുന്ന ഒരു ബൈലോ ഉണ്ടാക്കേണ്ടതുണ്ട് [കേരള പഞ്ചായത്ത് രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ, 1994] എന്നാൽ ഇങ്ങനെ ഒരു ബൈലോ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് ഉണ്ടാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 7-നുള്ള മറുപടിയിൽ, ബൈലോ ഉണ്ടാക്കാം എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 2-2 കൊയ്ത്തുമെതിയന്ത്രം - വാടക, നടത്തിപ്പ് സംബന്ധിച്ച അപാകതകൾ

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊയ്ത്തുമെതിയന്ത്രം വാടകക്കു കൊടുത്തിരുന്നതും, യന്ത്രത്തിന്റെ നടത്തിപ്പ് സംബന്ധിച്ച പൊതുവായ മറ്റ് കാര്യങ്ങളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. വാടക യഥാസമയം തനതുഫണ്ടിൽ അടവാക്കുന്നില്ല.

യന്ത്രം പ്രവർത്തിപ്പിച്ചതിന്റെ വാടക തുക യഥാസമയം അക്കൗണ്ടിൽ അടവാക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാടകക്കെടുത്ത വ്യക്തി | യന്ത്രം നൽകിയ തീയ്യതി | തിരികെ ഏൽപ്പിച്ച തീയ്യതി | വാടക അടവാക്കിയ തീയ്യതി |
|---|---|---|---|---|
| 1 | അബ്ദുറഹിമാൻ പുതുപ്പള്ളി | 29.01.18 | 01.02.18 | 14.03.18 |
| 2 | ഹംസ എം | 01.02.18 | 02.02.18 | - ടി - |
| 3 | കബീർ കൊരണപ്പറ്റ | 04.02.18 | 16.02.18 | - ടി - |
| 4 | കോമളവല്ലി കെ | 19.02.18 | 22.02.18 | - ടി - |
| 5 | രവീന്ദ്രൻ കെ വി | 25.02.18 | 28.02.18 | - ടി - |
| 6 | വിഎംനാരായണൻനമ്പൂതിരി | 28.02.18 | 01.03.18 | - ടി - |

പട്ടികയിൽ സൂചിപ്പിച്ച പോലെ യന്ത്രം പ്രവർത്തിച്ച 29.01.18 മുതൽ 01.03.18 കാലഘട്ടത്തിലേക്കുള്ള ചെലവുകൾ കിഴിച്ചുള്ള വാടക ഒന്നിച്ച് 14.03.18 – നാണ് ഡ്രൈവർ ശ്രീ. മുഹമ്മദ് കെ. എം ബ്ലോക്ക് പഞ്ചായത്തിലേക്ക് അടവാക്കുന്നത് (അക്കൗണ്ട് നം. 7089, തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്). വാടകയായി കിട്ടുന്ന തുക അന്നു തന്നെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

2. യന്ത്രം പ്രവർത്തിക്കുന്നതിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല.

കൊയ്ത്തുമെതിയന്ത്രം പ്രവർത്തനത്തിന്റെ വിശദാംശങ്ങളടങ്ങിയ ഒരു ലോഗ് ബുക്ക് ബ്ലോക്ക് പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. 25.02.18 മുതൽ 01.03.18 വരെയുള്ള ട്രിപ്പ് ഷീറ്റേ ഓഡിറ്റിനു ലഭ്യമാക്കിയിട്ടുള്ളൂ. ഇതു തന്നെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇതു സൂചിപ്പിക്കുന്നത് യന്ത്രത്തിന്റെ ഉപയോഗത്തിന് കൃത്യമായ മേൽനോട്ടമില്ല എന്നതാണ്.

3. യന്ത്രം പ്രവർത്തനക്ഷമമല്ല.

നിലവിൽ ഈ യന്ത്രം ടയർ രണ്ടും പൊട്ടി ഉപയോഗശൂന്യമായി കിടക്കുകയാണ്. ടയറിന്റെ വില ഇനത്തിൽ മാത്രം 202960/- രൂപ ചെലവ് വരുമെന്നാണ് അംഗീകൃത സർവ്വീസിംഗ് സ്ഥാപനമായ വർഷപ്രിയ അഗ്രോടെക് പ്രൈവറ്റ് ലിമിറ്റഡ് അറിയിച്ചിട്ടുള്ളത് (23.03.18-ലെ പ്രൊഫോർമ ഇൻവോയ്സ്). പ്രവർത്തനരഹിതമായി കിടക്കുന്ന കൊയ്ത്തുമെതിയന്ത്രത്തിന്റെ അറ്റകുറ്റപണികൾ നടത്തി പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം നം. 8-നുള്ള മറുപടിയിൽ കൊയ്ത്തുമെതിയന്ത്രം പ്രവർത്തനക്ഷമമാക്കി പെരുവള്ളൂർ സഹകരണ ബാങ്കിന് കൈമാറാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെന്ന് (18.09.18-ലെ തീരുമാനം നം. 4) അറിയിച്ചു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പെരുവള്ളൂർ സി.എച്ച്.സി.യിൽ മുലയൂട്ടൽ കേന്ദ്രം നിർമ്മാണം:കരാറുകാരന് പാർട്ട് ബിൽ അധികം നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ- അസി. എക്സി. എഞ്ചിനീയർ,

ഫയൽ നമ്പർ- 362/17

പ്രൊജക്ട് നമ്പർ- 23/18

TS- 2137600 (MGNR)

കരാറുകാരൻ- ശ്രീ. ടി.കെ. മുഹമ്മദ്,

ക്വാട്ട് ചെയ്ത തുക - 1672807 രൂപ

എഗ്രിമെന്റ് നമ്പർ- 15/AEE/ 17-18 ,dt-10-1--2018

ബിൽ നമ്പർ- 27/ 28-3-2018, 455396 രൂപ.

എം. ബുക്ക് - 26/17-18

ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി ഫണ്ടിൽ നിന്നും 16,37600 രൂപയും പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് വിഹിതമായി 500000 രൂപയും വകയിരുത്തി 21,37600 രൂപ അടങ്കൽ നിശ്ചയിച്ച് അംഗീകാരം വാങ്ങി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം കരാറുകാരന് പാർട്ട് ബിൽ നൽകുന്നതിന് 455396 രൂപ മേൽ ബിൽ പ്രകാരം

പിൻവലിച്ചിട്ടുണ്ട്. എന്നാൽ അസി. എഞ്ചിനീയർ അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തുകയും അസി. എക്സി.എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യുകയും ചെയ്തത് പ്രകാരം ആകെ 3,47,396 രൂപ മൂല്യം വരുന്ന പ്രവൃത്തിയാണ് കരാറുകാരൻ പൂർത്തീകരിച്ചിട്ടുള്ളത്. ഇക്കാര്യം അളവ് പുസ്തകത്തിൽ പേജ്-14 മുതൽ 16 വരെ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പാർട്ട് ബിൽ നൽകുന്നതിന് 108000 രൂപ ( 455396-347396) അധികമായി പിൻവലിക്കുകയും കരാറുകാരന് അധിക തുക നൽകുകയും ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ 1/28-11-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി യിൽ ഓരോ ഇനം പ്രവൃത്തികളുടേയും നിരക്ക് കൂട്ടിയെടുത്തപ്പോൾ വന്ന പിശകാണെന്നും കരാറുകാരന് തുക തിരിച്ചടവാക്കാൻ 29-11-2018 ന് നോട്ടീസ് നൽകിയെന്നും അറിയിച്ചു. പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കി വരികയാണെന്നും ഫൈനൽ ബിൽ തുക അനുവദിക്കുമ്പോൾ പാർട്ട് ബില്ലിൽ അധികമായി നൽകിയ തുക ഈടാക്കി മാത്രമേ തുക അനുവദിക്കുകയുള്ളൂവെന്നും മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ചെരിച്ചി ലക്ഷംവീട് കോളനി- തിരുത്തി കുടിവെള്ളപദ്ധതി-അപാകതകൾ

a)ചെലവ് രേഖകൾ ലഭ്യമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച ചെരിച്ചി ലക്ഷംവീട് കോളനി-തിരുത്തി കുടിവെള്ളപദ്ധതിക്ക് വേണ്ടി 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി (പ്രൊജക്റ്റ് നമ്പർ-95/18) 42900 രൂപ ചെലവ് ചെയ്തിട്ടുണ്ട്. (ബിൽ നമ്പർ-3/2017-18, തി-17-7-2017)

എന്നാൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. കുടിവെള്ളപദ്ധതിക്ക് വേണ്ടി പിൻവലിച്ച തുക എന്തിന് വേണ്ടി വിനിയോഗിച്ചുവെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ10 /1-12-2018 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം അവതരിപ്പിച്ചതിന് മേൽ ചെലവിന്റെ കൃത്യമായ വിവരം ലഭ്യമല്ലെന്നും ആയത് പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കാമെന്നുമാണ് അസി. എക്സി. എഞ്ചിനീയർ മറുപടി നൽകിയത്.

ചെലവ് രേഖകൾ കൃത്യമായി സൂക്ഷിക്കാതിരിക്കുന്നത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി കണക്കാക്കുന്നു. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക 42900 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

b) കുടിവെള്ളപദ്ധതി നിലവിൽ പ്രവർത്തനസജ്ജമല്ല.

മേൽ കുടിവെള്ളപദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം പരിശോധിക്കുന്നതിന് 30-11-2018 ന് ബ്ലോക്ക് പഞ്ചായത്ത് അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി. നിലവിൽ പദ്ധതി പ്രവർത്തിക്കുന്നില്ലെന്ന് സമീപ വാസികൾ അറിയിച്ചു. പദ്ധതിയുടെ മോട്ടോർ കേടായതിനാൽ മാസങ്ങളോളമായി പ്രവർത്തനരഹിതമാണ്. പദ്ധതി ഗുണഭോക്തൃ സമിതിക്ക് വിട്ടു കൊടുത്തതായി അറിയിച്ചുവെങ്കിലും രേഖകളൊന്നും ലഭ്യമല്ല. പദ്ധതി കമ്മീഷൻ ചെയ്ത് ഒരു വർഷം തികയുന്നതിന് മുമ്പ് മോട്ടോർ കേടായത് അന്വേഷണ വിധേയമാക്കേണ്ടതാണ്. പദ്ധതി എത്രയും വേഗം പ്രവർത്തനസജ്ജമാക്കുന്നതിന് വികസന സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാവേണ്ടതാണ്.

## 3-3 ബ്ലോക്ക് ഓഫീസ് കെട്ടിട നിർമ്മാണം- മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചത് ക്രമ വിരുദ്ധം.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ തനത് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്ന നടപടിക്രമം ശരിയല്ലെന്ന് 30-1-2008 ലെ 75326/FM1/2007/LSGD നമ്പർ സർക്കുലറിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കണമെന്നും ഘടക സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾക്ക് പുറമെ സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങളും സജ്ജീകരണങ്ങളും ഏർപ്പെടുത്തുന്നതിനും ടി- സ്ഥാപനങ്ങൾ പ്രദാനം ചെയ്യുന്ന സേവനം വർദ്ധിപ്പിക്കുന്നതിനും ഗുണമേൻമ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള സാധന സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും വിനിയോഗിക്കാമെന്ന് പദ്ധതി മാർഗ്ഗരേഖയിലും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും താഴെ കൊടുത്തിട്ടുള്ള വിധം 37,19,772 രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തുകയും 12,83,024 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെ സ്ട്രക്ചർ നിർമ്മാണത്തിന് മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പൊതു വിഭാഗം പദ്ധതി ഫണ്ടിൽ നിന്നും തുക വകയിരുത്തി 10,05,570 രൂപ ചെലവഴിക്കുകയും

ചെയ്തു. കെട്ടിടത്തിന്റെ മറ്റ് വർക്കുകൾ ഉൾപ്പെടുത്തി പൂർത്തീകരണത്തിനായി മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ചെലവഴിക്കുന്ന ക്രമ വിരുദ്ധമായ പ്രവണതയാണ് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച് വരുന്നത്. ഓഡിറ്റ് വർഷത്തിൽ പ്രൊജക്ട് നമ്പർ-48/18 പ്രകാരം ഇത്തരത്തിൽ 12,83,024 രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകയിരുത്തിയ തുക | വിനിയോഗിച്ച തുക |
|---|---|---|---|---|
| 1 | 48/18 | ബ്ലോക്ക് ഓഫീസ് പുതിയ കെട്ടിടത്തിന്റെ പൂർത്തീകരണം | 18,37,586 | 12,83,024 |
| 2 | 47/18 | ബ്ലോക്ക് ഓഫീസ് നവീകരണം | 14,32,186 | 0 |
| 3 | 121/18 | ബ്ലോക്ക് ഓഫീസ് നവീകരണം | 450000 | 0 |
| | ആകെ | | 37,19,772 | 12,83,024 |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-4 ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്.

മൊത്തം വികസന ഫണ്ടിന്റെ 10% ശുചിത്വമേഖലയിലെ പ്രൊജക്ടുകൾക്ക് ചെലവഴിക്കണമെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് 2017-18 ലെ വാർഷിക പദ്ധതിയിൽ ഒരു പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് താഴെ പറയും പ്രകാരം രണ്ട് പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിരുന്നു.

1. പ്രൊജക്ട് നം - SO112/18

പേര് - ഷ്രെഡ്ഡിംഗ് യൂണിറ്റിന് അടിസ്ഥാന സൗകര്യമൊരുക്കൽ/ബിൽഡിംഗ്

അടങ്കൽ - വിസന ഫണ്ട് 1400000.00,

TSC (നിർമ്മൽ പുരസ്കാരം വിഹിതം) 800000.00

ആകെ.2200000.00

നിർവ്വഹണം - അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

2. പ്രൊജക്ട്നം.എസ്.ഒ.052/18,

പേര് - ഷ്രെഡ്ഡിംഗ് യൂണിറ്റ്

അടങ്കൽ 268200.00 പ്ലാൻ ജനറൽ

1200000.00 മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ

ആകെ - 1468200.00

നിർവ്വഹണം - സെക്രട്ടറി

മേൽപ്പറഞ്ഞവയിൽ, ഒന്നാമത്തെ പ്രൊജക്ട് ടെണ്ടർ ചെയ്തതിൽ, 2161782.70രൂപ ക്വാട്ട് ചെയ്ത ശ്രീ.മുഹമ്മദ്

കട്ടി.പി.കെ യുടെ ടെണ്ടർ ബ്ലോക്ക് പഞ്ചായത്ത് തീരുമാനം നമ്പർ 1/ 23.3.18 പ്രകാരം അംഗീകരിക്കുകയും, കരാർ നം.17/AEE/2017-18 dt.26.3.18 പ്രകാരം കരാർ ചമച്ച്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ D1/104/18 dt . 26.3.18 നമ്പർ ഉത്തരവ് പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. തൻവർഷം ഈ പ്രൊജക്ട് പ്രകാരം തുക ഒന്നും ചെലവഴിച്ചിട്ടില്ല.

രണ്ടാമത്തെ പ്രൊജക്ട് പ്രകാരം പ്ലാസ്റ്റിക്ക് ഷ്രഡ്ഡിംഗ് മെഷ്യൻ കൊണ്ടുവന്ന് സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി .31.3.18 ന്, കരാർ നമ്പർ ഇല്ലാതെ, കരാർ ഒപ്പുവെച്ചിട്ടുണ്ട്. ഈ പ്രൊജക്ടിലും തൻവർഷം തുക ഒന്നും ചെലവഴിച്ചിട്ടില്ല.

പ്ലാസ്റ്റിക്ക് ഷ്രഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ബ്ലോക്ക് പഞ്ചായത്ത് നിൽക്കുന്ന സ്ഥലമല്ലാതെ മറ്റ് സ്ഥലം ഇല്ലാത്തതിനാൽ, പെരുവള്ളൂർ വില്ലേജിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും ഇതിനായി 10 സെന്റ് ഭൂമി അനുവദിച്ച് തരുവാൻ ജില്ലാകളക്ടർക്ക് അപേക്ഷ നൽകാൻ തീരുമാനം നമ്പർ.IV(2)/19.4.2017 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചിരുന്നു. എന്നാൽ മലിനീകരണം ഉണ്ടാകും എന്ന കാരണത്താൽ ജനങ്ങളുടെ ഭാഗത്തു നിന്നും എതിർപ്പ് ഉയർന്നതിനെ തുടർന്ന് പ്രസ്തുത സ്ഥലത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഉപേക്ഷിക്കുകയും, പകരം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഷ്രഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കാൻ തീരുമാനം നമ്പർ 2/18.1.2018 പ്രകാരം തീരുമാനിക്കുകയുമാണ് ചെയ്തിട്ടുള്ളത് . ഇതിന്റെ അടിസ്ഥാനത്തിൽ ഷ്രെഡ്ഡിംഗ് മെഷ്യൻ സ്ഥാപിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ബ്ലോക്ക് കൊമ്പൗണ്ടിൽ പുരോഗമിക്കുകയാണ്.

മേൽ പ്രൊജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന നിരീക്ഷണങ്ങൾ നടത്തുന്നു.

1. മേൽപ്പറഞ്ഞ പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിനുമുമ്പ് DPR (Detailed Project Report) തയ്യാറാക്കിയിട്ടില്ല. സംസ്കരിക്കേണ്ട മാലിന്യത്തിന്റെ അളവ്, ആയത് ശേഖരിക്കുന്നതിനും ഷ്രഡ്ഡിംഗ് യൂണിറ്റിലേക്ക് കൊണ്ടുവരുന്നതിനും സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ, സ്ഥാപിക്കേണ്ട യന്ത്രത്തിന്റെ കപ്പാസിറ്റി, യന്ത്രം സ്ഥാപിക്കുന്നതിന് തയ്യാറാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങൾ സമഗ്രമായി പഠിച്ച് DPR തയ്യാറാക്കിയതിന് ശേഷമേ ഇത്തരം ഒരു പ്രൊജക്ട് ആവിഷ്കരിച്ച് വിജയകരമായി നിർവ്വഹിക്കാനാകൂ.

ക്ലീൻ കേരള കമ്പനിയുമായി സെക്രട്ടറി ചമച്ച മേൽപ്പറഞ്ഞ കരാറിലെ ക്രമ നമ്പർ 2 വ്യവസ്ഥ പ്രകാരം ഷ്രഡ്ഡിംഗ് മെഷ്യൻ സ്ഥാപിക്കുന്നതിന് 1000.00 സ്ക്വയർ ഫീറ്റ് വിസ്താരമുള്ള ഒരു ഷെഡ് ലഭ്യമാക്കണം എന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ മേൽപ്പറഞ്ഞ 112/18 നമ്പർ പ്രൊജക്ട് പ്രകാരം 16.20x7.30 മീറ്റർ അളവിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന് സമാനമായ, മൂന്ന് നില വരെ പണിയാവുന്ന,RCC കോളം സ്ട്രക്ചറാണ് നിർമ്മിച്ചിട്ടുള്ളത്. പ്രൊജക്ട് പ്രകാരം അംഗീകാരം വാങ്ങിയിരുന്നത് 100.00 ച.മി വിസ്തീർണ്ണമുള്ള RCC കെട്ടിടം നിർമ്മിക്കാനാണ്. ഫയൽ പരിശോധിച്ചതിൽ യന്ത്രം സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ യാതൊരു അന്വേഷണവും നടത്തിട്ടില്ല എന്ന് കണ്ടു.,സമഗ്രമായ DPR ഇല്ലാത്തതാണ് ഇത്തരം അപാകതകൾ ഉണ്ടാകാൻ കാരണം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. ഒരു മണിക്കൂറിൽ 100 കിലോ ഗ്രാം, പ്രതി ദിനം 800കി.ഗ്രാം, പ്ലാസ്റ്റിക്ക് പൊടിക്കാവുന്ന 15 കുതിര ശക്തിയുള്ള ഷ്രെഡ്ഡിംഗ് മെഷ്യൻ സ്ഥാപിക്കുന്നതിനാണ് സെക്രട്ടറി ക്ലീൻ കേരള കമ്പനിയുമായി കരാർ ഒപ്പുവെച്ചിട്ടുള്ളത്. മിനി സിവിൽ സ്റ്റേഷൻ, ബ്ലോക്ക് പഞ്ചായത്ത് കെട്ടിട സമുച്ചയം, വാണിജ്യസ്ഥാപനങ്ങൾ, മുതലായവയാൽ ചുറ്റപ്പെട്ട് കിടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചാലുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ പഠന വിധേയമാക്കപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/01.12.2018 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-5 മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ"പെരുവള്ളൂർ സി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങൽ" എന്ന പദ്ധതിയിൽ (പ്രൊജക്ട് നം.56/17-18) ബിൽ നം.03/17-18 തി.22.2.18 പ്രകാരം 6 ലക്ഷം രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. ആയതിൽ 1,98,173 രൂപയുടെ മരുന്നു മാത്രമാണ് ലഭ്യമായത്. 4,01,827 രൂപയുടെ മരുന്നു കൂടി ലഭ്യമാകാൻ ശേഷിക്കുന്നു. ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുന്നത് വരെ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുകയായ 401827/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-6 സി ഡി പി ഒ നിർവഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

പ്രൊജക്റ്റ് :അംഗപരിമിതർക്ക് ഉപകരണം

പ്രൊജക്റ്റ് നമ്പർ:69/17-18

ചെലവു തുക:10,72,500

ബിൽനം.:02/17-18തി.22-2-18

സി.ഡി.പി.ഒ. നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ബ്ലോക്ക പഞ്ചായത്തിനു കീഴിലുള്ള വിവിധ പഞ്ചായത്തുകളിലെ അംഗപരിമിതരായ ഗുണഭോക്താക്കൾക്കായി സൈഡ് വീലോടു കൂടിയ 15 ഇരുചക്ര വാഹനങ്ങൾ (മോഡൽ:മഹിന്ദ്ര ഗസ്റ്റോ,110 സി.സി.4സ്റ്റോക്)താഴെ കാണും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

പെരുവള്ളൂർ-4, മൂന്നിയൂർ-3,നന്നമ്പ്ര-3 വള്ളിക്കുന്ന്-2,തേഞ്ഞിപ്പലം-3.

എന്നാൽ ഗുണഭോക്താക്കളിൽ മിക്കവരുടെയും ലേണേഴ്സ് ലൈസൻസിനായുള്ള അപേക്ഷയുടെ പകർപ്പാണ് ഫയലിൽ ഉള്ളത്. ലൈസൻസിന്റെ കോപ്പി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. കൂടാതെ വാഹനം കൈപറ്റിയവരുമായി മേൽ വാഹനങ്ങൾ കൈമാറ്റം ചെയ്യപ്പെടുകയോ, ദുരുപയോഗം ചെയ്യുകയോ, നിയമവിരുദ്ധ പ്രവർത്തികൾക്ക് ഉപയോഗിക്കുകയോ ചെയ്യുകയില്ലെന്നും, അത്തരത്തിൽ ചെയ്യുന്ന പക്ഷം ഉചിതമായ നിയമനടപടികൾക്ക് വിധേയരാകേണ്ടി വരുമെന്ന തരത്തിൽ ഒരു എഗ്രിമെന്റ് വെച്ചിട്ടുമില്ല.

ഇക്കാര്യമുന്നയിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനു(5/29.11.18) നല്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കാൻ നടപടി ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-7 SC വിദ്യാർത്ഥികൾക്ക് പഠന മുറി-വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

പ്രൊജക്റ്റ് നം.98/18

SC വിദ്യാർത്ഥികൾക്ക് പഠന മുറി

അടങ്കൽ.27ലക്ഷം (പ്ലാൻ.SCP)

ചെലവ്:18ലക്ഷം
നിർവഹണം:പട്ടികജാതി വികസന ഓഫീസർ

മേൽ പ്രൊജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ, പഠന മുറി നിർമ്മിക്കുന്നതിന് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പഠന മുറി നിർമ്മിച്ചതിന്റെ വാലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്ന് കണ്ടു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | 2017-18ൽ കൈപ്പറ്റിയ ധനസഹായം | ബിൽ നമ്പർ തീയ്യതി, തുക |
|---|---|---|---|
| 1 | മനോഹരൻ ചെറുകുടിപറമ്പിൽ | 50000.00 | 9/28.3.2018 450000.00രൂപ |
| 2 | വേലായുധൻ.പി, ദേവദിയാൽ പറമ്പ് | 50000.00 | 9/28.3.2018 450000.00രൂപ |
| 3 | സുബ്രഹ്മണ്യൻ ചെറായി | 50000.00 | 4/20.1.2018 150000.00രൂപ |
| 4 | ലീല.എ.പി, താഴെ തറയിൽ | 50000.00 | 9/28.3.2018 450000.00രൂപ |
| 5 | അനിൽകുമാർ.സി, ചെനക്കൽ | 50000.00 | 6/22.2.2018 100000.00രൂപ |

| | | | |
|---|---|---|---|
| | പറമ്പിൽ | 50000.00 | 9/28.3.2018 450000.00രൂപ |
| 6 | രാധാമണി.ടി,പി | 50000.00 | 9/28.3.2018 450000.00രൂപ |
| ആകെ | | 350000.00 | |

വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഈ അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.6/29.11.2018 മുഖേനെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം ധന സഹായം നൽകുന്നതിന് ചെലവഴിച്ച തുക 3,50,000 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 പട്ടികജാതിവികസന ഓഫീസർ നിർവ്വഹിച്ച പ്രൊജക്ടുകളിലെ ന്യൂനതകൾ

പട്ടികജാതിവികസന ഓഫീസർ 2017-18 ൽ നിർവ്വഹിച്ച താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം സംയുക്ത പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ഓരോ പ്രൊജക്ടിന് നേരെയും പറയുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിവരം | അപാകതകൾ/ലഭ്യമല്ലാത്ത രേഖകൾ |
|---|---|---|
| 1 | നം.110/18<br>SC വിദ്യാർത്ഥികൾക്ക് പഠന മുറി ഗ്രാമപഞ്ചായത്തുകൾക്ക്വിഹിതം<br>അടങ്കൽ.15ലക്ഷം (പ്ലാൻ.scp)<br>ചെലവ്.15ലക്ഷം<br>ബിൽ നം.5/22.7.18 | 1.തുക നൽകാൻ അഭ്യർത്ഥിച്ച് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച കത്ത്.<br>2.തുക കൈപ്പറ്റിയതിന്റെ രസീത്.<br>3. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം<br>4.അംഗീകരിച്ച പ്രൊജക്ട് |
| 2 | നം.123/18<br>ലൈഫ് മിഷൻ<br>അടങ്കൽ .2593821/-(പ്ലാൻscp)<br>ചെലവ്-<br>ബിൽ നം.5/22.7.18. 285000.00<br>ബിൽ നം.10/28.4.18. 7500.00<br>292500/-<br>. | 1.തുക നൽകാൻ അഭ്യർത്ഥിച്ച് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച കത്ത്.<br>2.തുക കൈപ്പറ്റിയതിന്റെ രസീത്.<br>3. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം<br>4.അംഗീകരിച്ച പ്രൊജക്ട്<br>ഓഡിറ്റ് എൻക്വയറി നം.3/29.11.2018മുഖേനെ നിർവ്വഹണ ഉദ്യോഗസ്ഥനോട് മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 17,92,500 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകത പരിഹരിച്ച് തടസ്സം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. |

## 3-9 പാലിന് സബ്സിഡി - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതും മറ്റ് അപാകതകളും

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനായി ക്ഷീര വികസന ഓഫീസർ നിർവ്വഹിച്ച പ്രൊജക്ട് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിവരം | അപാകതകൾ/ലഭ്യമല്ലാത്ത രേഖകൾ |
|---|---|---|
| 1 | നം.61/18<br>ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം<br>അടങ്കൽ.5ലക്ഷം (പ്ലാൻ)+ 250000ജില്ലാപഞ്ചായത്ത്വിഹിതം<br>ചെലവ്.5ലക്ഷം<br>ബിൽ നം.1/12.1.18<br>തേഞ്ഞിപ്പലംഗ്രാ.പ.100000.00<br>പെരുവള്ളൂർ ഗ്രാ.പ 100000.00<br>മുന്നിയൂർ ഗ്രാ.പ. 50000.00<br>വള്ളിക്കുന്ന് ഗ്രാ.പ 250000.00<br>500000.00 | 1.നാല് ഗ്രാമപഞ്ചായത്തുകളും തുകകൾ കൈപ്പറ്റിയതിന്റെ രസീത്.<br>2. നാല് ഗ്രാമപഞ്ചായത്തുകളും തുകകൾ വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം<br>3.തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 25.11.17 ലെ എസ്.2/7120/17 നമ്പർ കത്ത് പ്രകാരം 50000.00 രൂപയാണ് നൽകാൻ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ 1 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതിന് കാരണം വ്യക്തമാക്കേണ്ടതാണ്. |

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/29.11.2018 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 500000.00 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 മുൻകൂർ നൽകിയത് - ക്രമീകരണ വിവരം ലഭ്യമല്ല

2017-18 വർഷത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരം അനുവദിച്ച മുൻകൂറുകളുടെ ക്രമീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തുക | ചെക്ക് നമ്പർ/തീയതി | Purpose | നൽകിയത് |
|---|---|---|---|
| 24,000 | 506248/3-3-18 | Advance amount of life mission training | EO - Housing |
| 10,000 | ലഭ്യമല്ല | ലഹരി നിർമ്മാർജ്ജനപ്രവർത്തനങ്ങൾ | ശ്രീ അയ്യപ്പൻ |

ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 3-11 തൊഴിൽ പരിശീലനം - നിർവ്വഹണത്തിലെ അപാകതകൾ

2016-17 വർഷത്തെ പ്രൊജക്ടായ "കുടുംബശ്രീ യൂണിറ്റുകൾക്ക് തൊഴിൽ പരിശീലനവും സംരംഭവും" എന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കോഹിനൂർ അയൽക്കൂട്ടം, സൗഹൃദം അയൽക്കൂട്ടം എന്നിവക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങാനായി Backend subsidy ആയി 2,00,000 രൂപ വീതം ആകെ 4,00,000 രൂപയും മേൽ ഗ്രൂപ്പുകളിൽ പെട്ട 10 വീതം അംഗങ്ങൾക്കായി തൊഴിൽ പരിശീലനം നൽകാനായി 90,000 രൂപ യും ഉൾപ്പെടെ ആകെ 4,90,000 രൂപ2016-17 വർഷത്തിൽ പ്ലാൻഫണ്ടിൽ നിന്ന് പിൻവലിച്ച് ട്രഷറി സേവിങ്സ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആയത് 2017-18 വർഷത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്( ചെക്ക് നമ്പർ: 1944963, 1944964, 1944965,തീയതി :18-8-17നിർവ്വഹണം ; സെക്രട്ടറി). ആയതിന്റെ ചെലവുരേഖകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ളഅപാകതകൾ കാണുന്നു.

1.കുടുംബശ്രീ അംഗങ്ങൾക്ക് MIED മുഖേനയാണ്പരിശീലനം നൽകിയിട്ടുള്ളത്. ആയത് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തതായി കാണുന്നില്ല.

2. മേൽപരാമർശിച്ച അയൽക്കൂട്ടങ്ങളെ തെരഞ്ഞെടുത്തത് എങ്ങനെയെന്ന് ഫയലിൽ വ്യക്തമല്ല.

3. ഫോട്ടോ ചാർജ്, ഹോണറേറിയം,മെഷീൻ വാടക, training materials, refreshment charge എന്നീ ഇനങ്ങളിലായി ആകെ 66,000 രൂപയും institutional charge ആയി 24,000 രൂപയും ഉൾപ്പെടെ 90,000 രൂപ MIEDക്ക് നൽകിയതിൽ 66,000 രൂപയുടെ ചെലവ് വൗച്ചറുകൾ പരിശോധനക്ക് ലഭ്യമായിട്ടുണ്ട്. ശേഷിച്ച 24,000 രൂപയുടെ വൗച്ചറുകൾ കൂടി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 24,000 രൂപയുടെ ചെലവ് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവ് തുക 4,90,000രൂപ ഓഡിറ്റിൽ തടസ്സംചെയ്യുന്നു.

## 3-12 ഡയാലിസിസ് സെന്ററിന് ധനസഹായം - സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക നൽകി

തിരൂങ്ങാടി താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്റർ മുഖേന താലൂക്ക് പരിധിയിലെ വൃക്ക രോഗികൾക്ക് സൗജന്യ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നതിന് തിരൂരങ്ങാടി ബ്ളോക്ക് പരിധിയിലെ ബ്ലോക്ക് പഞ്ചായത്ത്, നഗരസഭകൾക്ക് 10,00,000 രൂപ വീതവും ഗ്രാമ പഞ്ചായത്തുകൾക്ക് 5,00,000 രൂപ വീതം അവരുടെ തനത് ഫണ്ടിൽ നിന്നും ഭരണ സമിതി തീരുമാനത്തിന് വിധേയമായി 2017-18വർഷത്തിൽ നൽകാൻ സ.ഉ.(സാധാ)2447/17/LSGD, തീ: 18-7-17 പ്രകാരം സർക്കാർ യഥേഷ്ടാനുമതി നൽകിയിരുന്നു.ടി ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നുമാണ് 10,00,000 രൂപ തിരൂരങ്ങാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്ററിന് നൽകിയിട്ടുള്ളത്(ട്രഷറി ബിൽ നമ്പർ/തീ:67/17-18, 26-3-18 പ്രൊജക്ട് നമ്പർ: SO 10/18, നിർവ്വഹണം; സെക്രട്ടറി). സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവായതിനാൽ 18-1-18 ലെ ഭരണ സമിതി യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം വിയോജിപ്പ് രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കാനുള്ള തീരുമാനത്തിൽ ഭരണസമിതി ഉറച്ച് നിൽക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച പ്രകാരം ഡയാലിസിസ് സെന്ററിന് തുക നൽകുകയുണ്ടായി. ഈ വിഷയത്തിൽ സർക്കാർ തീരുമാനം അറിയിക്കുന്നതിന് 16-2-18ലെ B1/161/17 നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സർക്കാരിലേക്ക് അപേക്ഷിച്ചിട്ടുണ്ട്. ആയതിൻമേലുള്ള തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം - ധന വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് അവരുടെ വിവിധ പദ്ധതികളിലായി 2017-18 വർഷത്തിൽ ബ്ളോക്ക് പഞ്ചായത്ത് ബ്ളോക്ക് വിഹിതങ്ങൾ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട്/നമ്പർ | അനുവദിച്ച തുക/പഞ്ചായത്ത് | ട്രഷറി ബിൽ നമ്പർ/തീയതി |
|---|---|---|---|
| 1 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്, SOO6/18) | 2,00,000, നന്നമ്പ്ര | 12/31-8-17 |
| | | 5,37,500,മുന്നിയൂർ | 11/31-8-17 |
| | | 2,00,000,തേഞ്ഞിപ്പലം | 15/13-10-17 |
| | | 5,00,000,വള്ളിക്കുന്ന് | 33/22-1-18 |
| | | 50,000,നന്നമ്പ്ര | 33/22-1-18 |

| | | | |
|---|---|---|---|
| | | 2,00,000,പെരുവള്ളൂർ | 53/28-2-18 |
| 2 | തയ്യിലക്കടവ് അംഗൻവാടി കെട്ടിട നിർമ്മാണം, SO 33/18 | 5,00,000,മൂന്നിയൂർ | 10/23-10-17 |
| 3 | പത്തൂർ അംഗൻവാടി കെട്ടിട നിർമ്മാണം, SO 35/18 | 5,00,000, മൂന്നിയൂർ | 18/23-10-17 |
| 4 | തോട് നവീകരണം - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം, SOO 28/18 | 10,00,000,മൂന്നിയൂർ | 17/23-10-17 |
| | | 10,00,000,മൂന്നിയൂർ | 35/22-1-18 |
| | | 2,00,000,നന്നമ്പ്ര | 52/22-2-18 |
| | | 5,00,000,മൂന്നിയൂർ | 55/9-3-18 |
| 5 | ചെനക്കലങ്ങാടി ഇരുമ്പോത്തിങ്ങൽ എസ്.സി.കോളനി കുടിവെള്ള പദ്ധതി,SOO 36/18 | 20,00,000, തേഞ്ഞിപ്പലം | 13/31-8-17 |
| 6 | പെരുവള്ളൂർ പഞ്ചായത്തിലെ വിവിധസ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, SO 134/17 | 15,89,411, പെരുവള്ളൂർ | 5/25-7-17 |
| 7 | വൃദ്ധർക്ക് ക്ഷേമ പ്രവർത്തനങ്ങൾ, SO 53/18 | 3,00,000, തേഞ്ഞിപ്പലം | 32/22-1-18 |
| 8 | തുടർ സാക്ഷരത – ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം, SO 64/18 | 50,000,മൂന്നിയൂർ | 34/22-1-18 |
| | | 50,000,വള്ളിക്കുന്ന് | 45/15-2-18 |
| | | 50,000,നന്നമ്പ്ര | 51/20-2-18 |
| | | 50,000,പെരുവള്ളൂർ | |
| | | 50,000,തേഞ്ഞിപ്പലം | |
| 9 | Pain & Palliative Unitകൾക്ക് മരുന്ന്, SO 65/18 | 2,00,000, തേഞ്ഞിപ്പലം | 29/22-1-18 |
| 10 | Pain & Palliative Unitകൾക്ക് ധനസഹായം, SO 30/18 | 1,00,000, മൂന്നിയൂർ | 36/22-1-18 |
| | | 2,00,000,പെരുവള്ളൂർ | 73/28-3-18 |
| | | 85,552,നന്നമ്പ്ര | 72/28-3-18 |
| 11 | ODF – തേഞ്ഞിപ്പലം, SO 51/18 | 3,60,000, തേഞ്ഞിപ്പലം | 21/13-11-17 |
| 13 | സ്കൂളുകൾക്ക് ടോയ് ലറ്റ് - ഗ്രാമ പഞ്ചായത്തുകൾക്ക വിഹിതം, SO | 10,00,000,പെരുവള്ളൂർ | 49/22-2-18 |

| | | | |
|---|---|---|---|
| | 108/18 | 10,80,000,മുന്നിയൂർ | 50/22-2-18 |
| | ആകെ = | 1,25,52,463 രൂപ | |

മേൽ തുകകൾ ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്. ചെലവു തുക തടസം ചെയ്യുന്നു.

## 3-14 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല

2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പ്രൊജക്ടുകളിലായി വിവിധ എജൻസികളിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ നിക്ഷേപിച്ചിട്ടുണ്ട്.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ്/നമ്പർ | തുക | ട്രഷറി ബിൽ നമ്പർ/തീയതി | എജൻസി |
|---|---|---|---|---|
| 1 | മണ്ണട്ടാംപാറ വി.സി.ബി. നവീകരണം(മുന്നിയൂർ ഗ്രാ.പ), SOO 116/18 | 40,00,000 | 54/28-2-18 | Minor Irrigation |
| 2 | Electrical line extentio (Voltage improvement), SOO 17/18 | 3,72,450 | 10/31-8-17 | KSEB |
| | | 1,02,960 | 26/22-1-18 | |
| | | 1,38,080 | 27/2-1-18 | |
| | | 3,12,861 | 4215-2-18 | |
| | | 1,60,606 | 47/15-2-18 | |
| 3 | Pipeline extention(ചേളാരി മുതൽ തയ്യിലക്കടവ് വരെ), SOO 21/18 | 9,00,000 | 31/22-1-18 | KWA |
| | ആകെ = | 59,86,957 | | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്. ചെലവു തുക തടസം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| വള്ളിക്കുന്നുഗ്രാമപഞ്ചായത്ത് | 40000 | പി.എം.എ.വൈ.16-17 (ജനറൽ) | 40000 | 0 |
| വള്ളിക്കുന്നുഗ്രാമപഞ്ചായത്ത് | 45000 | പി.എം.എ.വൈ.16-17 (എസ്.സി.) | 45000 | 0 |
| പെരുവള്ളൂർഗ്രാമപഞ്ചായത്ത് | 125000 | പി.എം.എ.വൈ.16-17 (എസ്.സി.) | 125000 | 0 |
| പെരുവള്ളൂർഗ്രാമപഞ്ചായത്ത് | 20000 | പി.എം.എ.വൈ.16-17 (ജനറൽ) | 20000 | 0 |
| തേഞ്ഞിപ്പലംഗ്രാമപഞ്ചായത്ത് | 75000 | പി.എം.എ.വൈ.16-17 (എസ്.സി.) | 75000 | 0 |
| ജില്ലാ പഞ്ചായത്ത് | 1950000 | ഐ.എ.വൈ 2014-15 (എസ്.സി.)അഡീഷണൽ ഷെയർ | 1950000 | 0 |
| തേഞ്ഞിപ്പലംഗ്രാമപഞ്ചായത്ത് | 500000 | 52/17ഷ്രെഡ്ഡിംഗ് യൂണിറ്റ് | - | 500000 |
| തേഞ്ഞിപ്പലംഗ്രാമപഞ്ചായത്ത് | 400000 | 6/17 ഭിന്നശേഷി സ്കോളർഷിപ് | - | 400000 |
| പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് | 700000 | 17/18 വിവിധ ഭാഗങ്ങളിൽ ട്രാൻസ്ഫോർമർ | 698850 | 1150 |
| വള്ളിക്കുന്ന ഗ്രാമ പഞ്ചായത്ത് | 500000 | 64/17 സാക്ഷരത തുക തിരികെ കിട്ടിയത് | - | 500000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ബ്ലോക്ക്പരിധിയിൽ വൈദ്യുത ലൈൻ നീട്ടലും, വോൾട്ടേജ് ഇംപ്രൂവ്മെന്റും | 22/30.8.2017 | 372450 | 0 | പൂർത്തീകരിച്ചിട്ടില്ല | - |
| | | 45/16.11.127 | 102960 | | | |
| | | 51/14.12.17 | 138080 | | | |
| | | 70/30.1.17 | 312861 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 80/6.2.17 | 160606 | | | |
| | | 109/21.3.17 | 130449 | | | |
| | | 110/21.3.18 | 63720 | | | |
| | | ആകെ | 1281126 | | | |
| മൈനർ ഇറിഗേഷൻ | മണ്ണാംപാറ വി.സി.ബി. നവീകരണം, മുന്നിയൂർ ഗ്രാമപഞ്ചായത്ത് | 54/28-02-2018 | 4000000 | 0 | പൂർത്തീകരിച്ചിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | ചേളാരി തയ്യിലക്കടവു പൈപ്പ് ലൈൻ നീട്ടൽ | 66/27.12.17 | 900000 | 0 | പൂർത്തീകരിച്ചിട്ടില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം താഴെ പറയും പ്രകാരം 3250.00 /- രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 1996-97 | 12, 22,26(1) | 141+33+635=809 | A.K.മൊയ്തീൻ കോയ | 117040105846/19.10.17 |
| 1984-85 | 18 | 20 | യു.ഉണ്ണികൃഷ്ണൻ | 117040105847/19.10.17 |
| 1986-87 | 9(a),10(b),21 | 19+121+33=173 | സി.ഗീത | 117040105868/19.10.17 |
| 1990-91 | 22,23,24,25,26 | 708+59+165+118+996=2046 | പി.വി,സുനിൽകുമാരൻ | 117040105869/19.10.17 |
| 1986-87 | 10(a) | 202 | സി.ഗീത | 117040109894/11.01.18 |
| ആകെ | | 3250.00 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട്വർഷം | ഖണ്ഡിക | നിലവിലെ സ്ഥിതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 2001-02 | 3(7) | 2006-07 | പൊതുമരാമത്ത്അരിവിതരണം | ബഹു.നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2001-02 | 3(8) | 2006-07 | ,, | |
| 2007-08 | 3(32) | 2010-11 | ,, | |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 68232530 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 77232892 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,21,50,647 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 42,900 | ശ്രീ.കൃഷ്ണൻകുട്ടി. പി,അസി.എക്സി. എഞ്ചിനീയർ |
| 3-5 | 4,01,827 | ഡോ. സുബൈർ,മെഡിക്കൽ ഓഫീസർ |
| 3-7 | 3,50,000 | ശ്രീ.ചക്രാധർ.ആർ,പട്ടികജാതി വികസന ഓഫീസർ |
| 3-8 | 17,92,500 | ശ്രീ.ചക്രാധർ.ആർ,പട്ടികജാതി വികസന ഓഫീസർ |
| 3-9 | 5,00,000 | ശ്രീമതി. രാധിക പി.എം,ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 3-10 | 34,000 | ശ്രീ പി. ബൈജു,സെക്രട്ടറി |
| 3-11 | 4,90,000 | ശ്രീ പി. ബൈജു,സെക്രട്ടറി |
| 3-13 | 1,25,52,463 | ശ്രീ പി. ബൈജു,സെക്രട്ടറി |
| 3-14 | 59,86,957 | ശ്രീ പി. ബൈജു,സെക്രട്ടറി |
| ആകെ | 2,21,50,647 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 97-98 | എൽ.എഫ്.എം.12/40/00/23-9-00 | 15 | |
| 99-00 | എൽ.എഫ്.എം.12/490/00/7-6-01 | 1 | |
| 2000-01 | എൽ.എഫ്.എം.16/1914/12/2-11-12 | 1 | |
| 2001-02 | എൽ.എഫ്.എം.14/1672/06/29-3-07 | 1 | |
| 02-03 | എൽ.എഫ്.എം.17/1693/06/14-3-07 | 4 | |
| 03-04 | എൽ.എഫ്.എം.4/225/12/31-10-12 | 1 | |
| 04-05 | എൽ.എഫ്.എം.17/932/07/7-5-08 | 3 | |
| 05-06 | എൽ.എഫ്.എം.4/256/12/15-9-12 | 3 | |
| 06-07 | എൽ.എഫ്.എം.16/2499/12/30-10-12 | 4 | |
| 07-08 | എൽ.എഫ്.എം.16/2500/12/21-1-13 | 17 | |
| 08-09-11-12 | എൽ.എഫ്.എം.4/2430/13/6-3-14 | 8 | |
| 12-13-13-14 | എൽ.എഫ്.എം.4/2483/14/31-10-14 | 6 | |
| 2014-15 | കെ.എസ്.എ.എംപിഎം.4/345 /16/9.3.16 | 11 | |
| 2015-16 | കെ.എസ്.എ.എംപിഎം.4/551 /17/17.3.17 | 10 | |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.4/2337 /2017തി.01-11-2017 | 10 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

## അനുബന്ധം - I

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.എം.പി.എം.4/1376/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505, ഫോൺ - 0483 2734951

ഇ-മെയിൽ : dompm.ksad@kerala.gov.in

തീയ്യതി : 12/07/2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215 (6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം -64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തിരൂരങ്ങാടി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം